**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5804 05.07.2013 - ൽ മറുപടിക്ക്**

## കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എ.അസീസ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പമന്ത്രി)** |
| കെ.എസ്.ടി.പി. പദ്ധതി രണ്ടാം ഘട്ട പ്രകാരം ഏതൊക്കെ പദ്ധതികൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?; | കെ.എസ്.ടി.പി. II പദ്ധതിയിൽ പ്പെടുത്തി 20.90 കി.മീ. ദൈർഘ്യമുള്ള പിലാത്തറ – പാപ്പിനിശ്ശേരി റോഡ്, 53.12 കി.മീ. ദൈർഘ്യമുള്ള തലശ്ശേരി - വളവുപാറ റോഡ് എന്നിവ കണ്ണൂർ ജില്ലയിലും, 27.76 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് കാസർഗോഡ് ജില്ലയിലും, 87.90 കി.മീ. ദൈർഘ്യമുള്ള ചെങ്ങന്നൂർ - ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലും, 132.22 കി.മീ. ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം - തൊടുപുഴ റോഡ് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലും, 41.00 കി.മീ. ദൈർഘ്യമുള്ള പെരുമ്പിലാവ് - പട്ടാമ്പി - പെരിന്തൽമണ്ണ റോഡ് പാലക്കാട് തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലുമാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ